DESPATCHED
On..19|2|2020......
18-2-20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**AP.No. 543(3)/19/SIC File No. 3461/SIC-G7/2019**

**സന്നിഹിത**
**ശ്രീമതി ശ്രീലത. പി. ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. എ. വിജയൻ,<br>S/o അപ്പുക്കുട്ടൻ ചെട്ടിയാർ,<br>വി. ആർ. സദനം,<br>കല്ലിയൂർ, പള്ളിച്ചൽ പി.ഒ,<br>തിരുവനന്തപുരം – 695 020. | അപ്പീൽഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>നേമം പോലീസ് സ്റ്റേഷൻ,<br>തിരുവനന്തപുരം.<br><br>അപ്പീൽ അധികാരി &<br>അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്,<br>എ.സി.പിയുടെ കാര്യാലയം,<br>ഫോർട്ട് സബ് ഡിവിഷൻ | എതിർകക്ഷികൾ |

**അന്തിമ ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ അപ്പീൽ ഹർജിക്കാരനായ ശ്രീ. എ. വിജയൻ 02.03.2019 തീയതിയായി സമർപ്പിച്ച അപ്പീൽ ഹർജി AP 543(5)/19/SIC ആയി കമ്മീഷൻ ഫയലിൽ സ്വീകരിച്ച് 2019 ഒക്ടോബർ 26–ാം തീയതി തീർപ്പാക്കിയിരുന്നു. ടി ഉത്തരവ് പ്രകാരം നേമം പോലീസ് സ്റ്റേഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. ബൈജു. എൽ.എസ്. നായർ 28.11.2019 ൽ വിശദീകരണം സമർപ്പിച്ചു. ടി വിശദീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്നത്, 03.12.2018 തീയതി ഓഫീസിൽ ലഭിച്ച ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് 31.12.2018 തീയതി മറുപടി നൽകിയിരുന്നു എന്നും തുടർന്ന് നേമം സി.ഐ ഓഫീസ് അപ്പലേറ്റ് അതോറിറ്റി എന്ന വിലാസത്തിൽ ഇതേ വിഷയത്തിലുള്ള അപേക്ഷ അയച്ചു നൽകിയത് 06.01.2019 തീയതി ഓഫീസിൽ ലഭ്യമായി എന്നും ആയതിന് 22.01.2019 തീയതി മറുപടി അയച്ചു നൽകി എന്നും ടിയാൻ ഒരേ വിഷയത്തിൽ നൽകിയ അപേക്ഷകൾക്കെല്ലാം മറുപടി നൽകിയിട്ടുണ്ട് എന്നുമാണ്. കൂടാതെ കമ്മീഷൻ നിർദ്ദേശ പ്രകാരം ഒരിക്കൽ കൂടി മറുപടി തയ്യാറാക്കി നൽകി എന്നും അറിയിക്കുന്നുണ്ട്.

കമ്മീഷൻ ഉത്തരവ് അനുസരിച്ച് വിവരം നൽകിയതിൽ ക്യാമറ ദൃശ്യങ്ങൾ മാത്രം ലഭ്യമാക്കിയില്ല എന്നും കളവായ കേസ് എടുത്തതിനാലാണ് പ്രസ്തുത ദൃശ്യങ്ങൾ നൽകാത്തത് എന്നും പരാതിപ്പെട്ടു കൊണ്ട് ടിയാൻ കമ്മീഷനെ വീണ്ടും സമീപിക്കുകയുണ്ടായി.

അപ്പീൽഹർജിക്കാരൻ നിരന്തരം പരാതിയുമായി കമ്മീഷനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് കുറെ കൂടി വ്യക്തത വരുത്തുന്നതിനായി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ കൂടിയായ അപ്പീൽ അധികാരിയെ 19.12.2019 ൽ നേരിൽ കേൾക്കുകയുണ്ടായി. അന്നേ ദിവസം അപ്പീൽഹർജിക്കാരനും ഹാജരായിരുന്നു.

കമ്മീഷൻ നിർദ്ദേശാനുസരണം ഹാജരായ അപ്പീൽ അധികാരി കമ്മീഷൻ മുമ്പാകെ മേൽ പരാമർശിത അപേക്ഷയുമായി ബന്ധപ്പെട്ട വ്യക്തമായ മൊഴിയാണ് നൽകിയിട്ടുള്ളത്. ക്യാമറ ദൃശ്യം നൽകണമെന്ന ടിയാന്റെ പരാതിയിൻമേൽ പ്രസ്തുത ദൃശ്യം നൽകാൻ നിർവ്വാഹമില്ല എന്നും പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിരിക്കുന്ന ക്യമാറയുടെ ബേക്കപ്പ് 19 ദിവസമാണ് അത് കഴിഞ്ഞാൽ സ്വഭാവികമായും അത് ഡിലീറ്റ് ആയി പോകും ഗൗരവമേറിയ വിഷയവുമായി ബന്ധപ്പെട്ട ദൃശ്യങ്ങൾ സേവ് ചെയ്തു സൂക്ഷിക്കാറുണ്ട് എന്നുമാണ് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്. ക്യാമറ ദൃശ്യങ്ങളുടെ പകർപ്പ് നൽകാൻ നിർവ്വാഹമില്ല എന്നും കേസുമായി ബന്ധപ്പെട്ട് മറ്റ് എന്തെങ്കിലും വിവരം ടിയാന് നൽകണമെന്നുണ്ടെങ്കിൽ ആയത് നൽകാൻ തയ്യാറാണ് എന്നും അറിയിക്കുന്നുണ്ട്.

ക്യാമറ ദൃശ്യങ്ങൾ ഇല്ല എന്ന് വ്യക്തമായി രണ്ടാം എതിർകക്ഷി മൊഴി നൽകുമ്പോൾ ആയത് ലഭ്യമാക്കണം എന്നാണ് പരാതിക്കാരൻ വാദിക്കുന്നത്. ഇല്ലാത്ത ക്യാമറാ ദൃശ്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നത് ഉചിതമായ പ്രവണതയല്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ നൽകിയ മൊഴി ശരിവച്ച് കൊണ്ട് ഈ അപ്പീൽ ഹർജിയിൻമേലുള്ള എല്ലാ നടപടികളും അവസാനിപ്പിച്ച് ഈ ഉത്തരവ് ഇന്നേ ദിവസം 2020 ഫെബ്രുവരി മാസം 18–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

gs